

TUESDAY 27-09-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : Suraj S** **Editor : Dr Saritha Vijayan K**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-27/09/2022.

1. ഇനി മുതൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ ഗ്രോബാഗുകൾക്ക് പകരം പ്രകൃതിസൗഹൃദ മാർഗ്ഗങ്ങൾക്ക് പ്രോത്സാഹനം നൽകുമെന്ന് കൃഷി വകുപ്പ് മന്ത്രി പി.പ്രസാദ് അറിയിച്ചു. കാർഷിക പ്രവർത്തനങ്ങൾക്കായി ഗ്രോബാഗുകൾ ഉപയോഗിക്കുന്നത് പരിസരമലിനീകരണവും ഗുരുതര പാരിസ്ഥിതികപ്രശ്നങ്ങളും സൃഷ്ടിക്കുന്നതിനാലും, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് നിർമ്മിത വസ്തുക്കൾ കേരളത്തിൽ നിരോധിച്ചിട്ടുള്ളതിനാലും ഗ്രോബാഗിന് പകരമായി മൺചട്ടികൾ, കയർപിത് ചട്ടികൾ, റീസൈക്കിൾ ചെയ്യാവുന്നതും, കൂടുതൽ കാലം ഉപയോഗിക്കാൻ സാധിക്കുന്നതുമായ HDPE കണ്ടെയ്നറുകൾ തുടങ്ങിയവ ഉപയോഗിക്കുന്ന തിനായിരിക്കും പരിഗണന നൽകുക. കാർബൺ തുലിത കൃഷിക്ക് സൗഹൃദമായ മാർഗ്ഗങ്ങൾ കൂടുതലായി ഉപയോഗിക്കുവാൻ കർഷകരെ സജ്ജരാക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

2. കൃഷിക്കാരുടെ വരുമാനം, കാർഷികോൽപാദന ക്ഷമത, ഉത്പന്ന സംസ്കരണം, ഉത്പന്നങ്ങളുടെ വില, മൂല്യവർധിത പ്രവർത്തനങ്ങളിൽ നിന്നും മറ്റ് അനുബന്ധ മേഖലയിൽ നിന്നുമുള്ള വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുന്നതിനായി മൂല്യവർദ്ധിത കൃഷി മിഷൻ രൂപീകൃതമായതായി കൃഷിമന്ത്രി പി പ്രസാദ് അറിയിച്ചു.

3. ചെറുതേനീച്ചക്കോളനികളുടെ ശാസ്ത്രീയ പരിചരണത്തെക്കുറിച്ചറിയാനും സംശയങ്ങൾ ദൂരീകരിക്കാനും റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് ചെറുതേനീച്ചവളർത്തലിൽ വൈദഗ്ധ്യം നേടിയ ആർ. രാമചന്ദ്രൻ നാളെ (സെപ്റ്റംബർ 28) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഫോണിലൂടെ മറുപടി നൽകും. **0481 2576622** എന്നതാണ് കോൾ സെന്റർ നമ്പർ.

4. ക്ഷീര വികസന വകുപ്പ് വാർഷിക പദ്ധതി 2022 -2023 മിൽക്ക് ഷെഡ് വികസന പദ്ധതി (MSDP) നടപ്പിലാക്കാൻ താൽപര്യമുള്ളവരിൽ നിന്നും ഓൺലൈൻ ആയി അപേക്ഷ ക്ഷണിക്കുന്നു. 2022 സെപ്റ്റംബർ 26 മുതൽ ഒക്ടോബർ 20 വരെ ക്ഷീരവികസന വകുപ്പിന്റെ https:ksheerasree.kerala.gov.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്ന പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടാവുന്നതാണെന്ന് ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

5. കേരള കാർഷിക സർവകലാശാല വെള്ളായണി കാർഷിക കോളേജിൽ തീറ്റപ്പുൽ കൃഷിക്കായി മേൽത്തരം ഹൈബ്രിഡ് നാപിയർ ഇനം **സുഗുണ** നടീൽ വസ്തു ലഭ്യമാണ്. വില കട്ടിംഗ് ഒന്നിന് ഒരു രൂപ. കൂടുതൽ വിവരങ്ങൾക്ക് **8547125233** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. കേന്ദ്ര സർക്കാർ **ദേശീയ ഗോപാൽ രത്ന പുരസ്കാരം**– 2022-ന് അപേക്ഷകൾ ക്ഷണിക്കുന്നു. രാജ്യത്തെ തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളെ സംരക്ഷിക്കുന്നതിനും അവയുടെ 'പാലുൽപ്പാദനവും, ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമായി, ആ ജനുസ്സിൽപ്പെട്ട കന്നുകാലികളെ പരിപാലിക്കുന്ന വ്യക്തികൾക്കും, സഹകരണ സംഘങ്ങൾക്കും പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടു കൂടിയാണ് ഈ പുരസ്കാരം നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്. തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളെ ശാസ്ത്രീയമായി ഏറ്റവും നല്ല രീതിയിൽ പരിപാലിക്കുന്ന ക്ഷീര കർഷകൻ, ഏറ്റവും നല്ല എ.ഐ ടെക്നീഷ്യൻ (AIT), ഏറ്റവും നല്ല ഡെയറി കോപ്പറേറ്റീവ്/ മിൽക്ക് പ്രൊഡ്യൂസർ കമ്പനി/ ഡെയറി എന്നീ വിഭാഗങ്ങൾക്കാണ് അവാർഡുകൾ നൽകുന്നത്. കേന്ദ്രസർക്കാർ (എൻ.ബി.എ.ജി.ആർ) അംഗീകരിച്ച തനത് ജനുസ്സിൽപ്പെട്ട കന്നുകാലികൾ (പശുക്കൾ-50 ജനുസ്സുകൾ, എരുമ - 17 ജനുസ്സുകൾ) പരിപാലിക്കുന്ന കർഷകർക്ക് ഏറ്റവും നല്ല ക്ഷീരകർഷകനുള്ള ഗോപാൽ രത്ന പുരസ്കാരത്തിനായി അപേക്ഷിക്കാവുന്നതാണ്. 90 ദിവസത്തെ കൃത്രിമ ബീജധാന പരിശീലനം ലഭിച്ചിട്ടുള്ള സംസ്ഥാനങ്ങളിലെയോ, കേന്ദ്ര ഭരണ പ്രദേശങ്ങളിലേയോ കന്നുകാലി വികസന ബോർഡുകൾ/ മിൽക്ക് ഫെഡറേഷനുകൾ/ NGO's/ മറ്റ് സ്വകാര്യ ബീജാധാന കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്ന എ.ഐ ടെക്നീഷ്യന്മാർ, കുറഞ്ഞത് 50 ക്ഷീര കർഷകർ അംഗങ്ങളായുള്ളതും, ദിനംപ്രതി 100 ലിറ്റർ പാൽ ശേഖരിക്കുന്ന, കമ്പനീസ്/ കോപ്പറേറ്റീവ് ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾ/ മിൽക്ക് പാഡ്രസിംഗ് കമ്പനി/ ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ എന്നിവർക്കും ഗോപാൽ രത്ന പുരസ്കാരത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. https://awards.gov.in എന്ന ഓൺലൈൻ

അവാർഡ് പോർട്ടലിലൂടെ അപേക്ഷകർക്ക് ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഈ മാസം 30 (30/09/2022) ആണ്. കൂടുതൽ വിവരങ്ങൾക്ക് ഏറ്റവും അടുത്തുള്ള മൃഗാശുപത്രിയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെയോ, ക്ഷീര വികസന വകുപ്പ് ഉദ്യോഗസ്ഥനെയോ, ക്ഷീര സഹകരണ സംഘങ്ങളേയോ സമീപിക്കാവുന്നതാണ്.

7. കേരള കാർഷിക സർവ്വകലാശാല, ഇൻസ്ട്രക്ഷണൽ ഫാം, തവന്നൂരിലെ 1400 തെങ്ങുകളിൽ നിന്നും മൂപ്പെത്തിയ നാളികേരങ്ങളുടെ ഒരു വർഷ കാലത്തേക്കുള്ള വിളവെടുപ്പ് അവകാശത്തിനു വേണ്ടിയുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. നാളെ (28.09.2022) രാവിലെ 11 മണി വരെ ക്വട്ടേഷനുകൾ സമർപ്പിക്കാവുന്നതും അന്നേ ദിവസം 11.30-നു കെ.സി.എ.ഇ.ടി. സെമിനാർ ഹാളിൽ നടക്കുന്ന ലേലത്തിൽ പങ്കെടുക്കാവുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് kcaet.kau.in , www.kau.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

8. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പൂവൻ കുഞ്ഞുങ്ങൾ അഞ്ച് രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 04 മണി വരെ **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

9. കഴക്കൂട്ടം ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ളോറി കൾച്ചർ സെന്റർ നടത്തുന്ന ആറു മാസം ദൈർഘ്യമുള്ള പ്ലാന്റ് ടിഷ്യുകൾച്ചർ ടെക്നീഷ്യൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് 01.04.22 ൽ 35 വയസ്സിനു താഴെ പ്രായമുള്ള അഗ്രികൾച്ചർ / ബയോളജി /ബോട്ടണി വിഷയങ്ങളിൽ പ്ലസ് ടു /വി എച്ച് എസ് ഇ പാസായിട്ടുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷാ ഫോമും പ്രോസ്പെക്ടസും ഒക്ടോബർ ഒന്ന് (1.10.2022) വരെ ഈ ഓഫീസിൽ നിന്നും രാവിലെ 10 മണി മുതൽ വൈകിട്ട് 4. 30 മണി വരെ നേരിട്ട് ലഭിക്കുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ മൂന്ന് (03.10.2022) വൈകിട്ട് 5:00 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് **0471 2413739, 9383470293, 9383470294** എന്നീ ഫോൺ നമ്പറുകളിലോ, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ബയോടെക്നോളജി ആൻഡ്

മോഡൽ ഫ്ളോറി കൾച്ചർ സെന്റർ, കഴക്കൂട്ടം, തിരുവനന്തപുരം 695 582 എന്ന മേൽവിലാസത്തിലോ, bmfctvm@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

10. ലൈവ്സ്റ്റോക്ക് മാനേജ്മെൻറ് ട്രെയിനിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിൽ ഇന്ന് (സെപ്റ്റംബർ 27) തിരുവനന്തപുരം കോർപറേഷന്റെ പേട്ട എബിസി സെന്ററിലും കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെൻറ് ട്രെയിനിംഗ് സെന്ററിലും വച്ച് നായ പിടുത്തത്തിൽ പ്രായോഗിക പരിശീലനം നൽകുന്നു. കുടുംബശ്രീയിൽ പ്രവർത്തിച്ചിരുന്ന ക്യാച്ചേഴ്സിനാണ് ആരംഭഘട്ടത്തിൽ പരിശീലനം നൽകുക. ഡോഗ് ക്യാച്ചിങ്ങിനൊപ്പം അനിമൽ വെൽഫെയർ ആക്ടിനെ കുറിച്ചും അവബോധം ഉണ്ടാക്കുന്ന തരത്തിലാണ് പരിശീലനം. പരിശീലനം ലഭിച്ചവരുടെ സേവനം കോർപറേഷനിൽ തെരുവ് നായ്ക്കളെ പിടിയ്ക്കുന്നതിനായി പ്രയോജനപ്പെടുത്തും.

11. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ഈ മാസം 28, 29 (സെപ്റ്റംബർ 28, 29) തീയതികളിൽ ക്ഷീരസഹകരണസംഘം ഭരണസമിതി അംഗങ്ങൾക്കായി പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ള ഭരണസമിതി അംഗങ്ങൾ ഇന്ന് (സെപ്റ്റംബർ 27) വൈകുന്നേരം 5 മണിക്ക് മുമ്പായി വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ് പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ടു ഡോസ് കോവിഡ് വാക്സിൻ എടുത്ത സർട്ടിഫിക്കറ്റ് പകർപ്പും ഏതെങ്കിലും തിരിച്ചറികൾ രേഖയും പരിശീലന കേന്ദ്രത്തിൽ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ ആണ്. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി **0476 2698550, 9446379341** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.